കക്ഷി കൈയടക്കണമെങ്കിൽ ഞങ്ങൾ ചോദ്യം ചോദിക്കാതിരിക്കാം, അവർ ചോദിക്കട്ടെ. നിയമപ്രകാരം പോകട്ടെ. കാരണം ഞങ്ങൾകൂടി ഈ സഭ മര്യാദയ്ക്കു നടത്താൻ വേണ്ടി ചോദ്യം നിയന്ത്രിക്കാൻ അനുവദിച്ചുപോയി. ആ അപരാധത്തിന് പ്രതിപക്ഷം ശിക്ഷ അനുഭവിക്കണമെങ്കിൽ ഞങ്ങൾ ഇനി മുതൽ ചോദ്യോത്തര സമയത്ത് ചോദ്യം ചോദിക്കാതിരിക്കാം നിങ്ങൾ ചോദിച്ചോളൂ....ബഹളം....

മി. സ്പീക്കർ : അങ്ങനെ ഒരിക്കലുമില്ല... ബഹളം.... (പ്രതിപക്ഷത്തിന് ഉപചോദ്യങ്ങൾ ഉന്നയിക്കാനുള്ള അവസരം നിഷേധിക്കുന്നു എന്ന് പരാതിപ്പെട്ടുകൊണ്ട് ചോദ്യോത്തരവേളയുടെ ശേഷിച്ച സമയം പ്രതിപക്ഷാംഗങ്ങൾ പ്രതിഷേധസൂചകമായി ഉപചോദ്യങ്ങൾ ചോദിക്കാതിരുന്നു.)

മി. സ്പീക്കർ : ചോദ്യം നമ്പർ 377

ചപ്പുചവറുകളിൽ നിന്ന് വളം നിർമ്മിക്കുന്നതിനുള്ള പദ്ധതി

2 (*377)ശ്രീ. എളമരം കരീം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചപ്പുചവറുകളിൽ നിന്ന് വളം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും ആലോചനകളോ ചർച്ചകളോ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇൻഡ്യയിലെ പല വൻനഗരങ്ങളിലും ചവറുകൾ വളമാക്കുന്ന പ്രക്രിയ നടന്നുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തി ഇവിടെയും ഏർപ്പെടുത്തുന്ന കാര്യം അടിയന്തിരമായി ആലോചിക്കുമോ;

(ഇ) ചപ്പുചവറുകൾ കൊണ്ടിടുന്നതിനുള്ള സ്ഥലം ലഭിക്കാത്ത പ്രശ്നവും പരിസരമലിനീകരണവും ഈ വളമായി മാറ്റൽ പ്രക്രിയയിലൂടെ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിനായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ,

(എ)&(ബി) ചപ്പു ചവറുകളിൽ നിന്നും വളം നിർമ്മിക്കുന്നതിനുള്ള പദ്ധതി വിവിധ നഗരസഭകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചപ്പുചവറുകളിൽ നിന്നും വളം നിർമ്മിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ആവശ്യമാണ്. എന്നാൽ പരിസര മലിനീകരണം ഒരു പരിധിവരെ ഇല്ലാതാക്കാൻ ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമൂലം കഴിയുന്നതാണ്.

(എഫ്) ഖരമാലിന്യങ്ങളിൽ നിന്നും ദുരുപയോഗത്തിനുള്ളതും ജീർണ്ണിക്കാത്തുമായ വസ്തുക്കൾ വേർതിരിച്ചതിനുശേഷം ബാക്കിയുള്ളവ ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ചപ്പുചവറുകൾ സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റുകൾ വിവിധ നഗരസഭകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഖരമാലിന്യ സംസ്ക്കരണത്തോടൊപ്പം നഗരസഭകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള പദ്ധതി 1997-98 മുതൽ സർക്കാർ നടപ്പിലാക്കിവരുന്നു.

<u>ശ്രീ. എളമരം കരീം</u> : സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഈ ചോദ്യത്തിൽ ഉദിക്കുന്നത്, ചപ്പുചവറുകൾ സംസ്ക്കരിക്കുന്നതിനുവേണ്ടി നഗരസഭകൾ എത്ര പ്രോജക്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും അതിന് എത്ര തുക ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : വിവിധ നഗരസഭകളിൽ നിന്നായി ഇരുപത്തിയഞ്ചോളം പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അതിന് ചെലവ് പ്രതീക്ഷിക്കുന്നത് 18 കോടി രൂപയാണ്. ഇതിൽ ചില നഗരസഭകൾക്ക് സ്വന്തമായിട്ടുള്ളതായ സ്ഥലമുണ്ട്, ചില നഗരസഭകൾക്ക് സ്ഥലം വാങ്ങേണ്ടതായിട്ടുമുണ്ട്. ഇതിന്റെ എല്ലാം ചെലവ് മൊത്തത്തിൽ കണക്കാക്കിയാണ് 18 കോടി രൂപ എന്നുവച്ചിട്ടുള്ളത്.

<u>ശ്രീ. എളമരം കരീം</u> : സർ, ഈ സംസ്ക്കരണത്തിന് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാമ്പത്തിക വിഭവങ്ങൾ ലഭ്യമല്ലാത്ത നഗരസഭകൾ ഉണ്ട്. അത്തരം നഗരസഭകൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : 1997-98 വർഷത്തിലും അതുപോലെ 1998-99 വർഷങ്ങളിലും ആകെ 160 ലക്ഷം രൂപ 22 മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 10 പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപ വീതം 250 ലക്ഷം രൂപ 1998-99-ൽ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ വർഷം 150 ലക്ഷം രൂപ നഗരസഭകൾക്കും 175 ലക്ഷം രൂപ പഞ്ചായത്തുകൾക്കും നീക്കിവച്ചിട്ടുണ്ട്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, മാലിന്യസംസ്ക്കരണത്തെ സംബന്ധിച്ച് സുപ്രീം കോടതി വിധി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ഈ പ്രശ്നം വളരെ ഗൗരവത്തോടുകൂടി തന്നെ സുപ്രീം കോടതി എടുക്കുകയും അതിനാവശ്യമായ നിർദ്ദേശം സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി ഒരു പൊതുതാല്പര്യ ഹർജിയിൽ നിർബന്ധമായി പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഉത്തരവിട്ടിട്ടുണ്ട്. ഒന്ന് പൗരന്മാർ പാലിക്കേണ്ടവ, രണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരും പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്ന് രണ്ടായി തിരിച്ച് ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന ചപ്പുചവറുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, ആശുപത്രികളിലുണ്ടാകുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഇൻസിനറേറ്റർ സ്ഥാപിക്കാൻ ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൂടാതെ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഇത് സംബന്ധിച്ചിടത്തോളം ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിച്ച് ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, വളരെ ഗൗരവതരമായ മലിനീകരണ പ്രശ്നം അനുഭവിക്കുന്ന ഒരു നഗരമാണ് കൊച്ചി. നഗരസഭയും നോൺ ഗവൺമെന്റൽ ഓർഗനൈസേഷനും ചേർന്ന് വിദ്യാലയങ്ങളിൽ ശുചിത്വ ബോധം വളർത്തുന്നതിന് ഒരു കാംപസ്സ് ക്ളീൻ പരിപാടി ആവിഷ്ക്കരിച്ചു. ഈ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പരിപാടിയാണത്. അതൊന്ന് മനസ്സിലാക്കി ആ രീതിയിൽ ബോധവൽക്കരണ പരിപാടി ക്യാംപ സ്സുകളിൽ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള കാര്യത്തിൽ ഇത് പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പൗരന്മാർ പാലി ക്കേണ്ട കടമകളെ സംബന്ധിച്ചും ജനങ്ങളെ നല്ലതുപോലെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിനും പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാ നത്തിൽ ഗവൺമെന്റ് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, ബോധവൽക്കരണം അത്യാവശ്യം തന്നെയാണ്, പക്ഷെ അതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയില്ല എന്നുള്ള ഒരു സംശയമുള്ള സാഹചര്യത്തിൽ നമുക്ക് സിംഗ പ്പൂർ മാതൃകയിൽ മലിനീകരണ പ്രവർത്തനങ്ങൾക്ക് കർശനമായ ശിക്ഷ നൽകുന്ന നിയമനിർമ്മാണം ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ആദ്യ ഘട്ടത്തിൽ നല്ലതുപോലെ ബോധവൽക്കരണം നടത്തി, അതിന്റെ ആവശ്യകതയും അത് ഇല്ലെങ്കിൽ അതിന്റെ പ്രത്യാഘാതവും ജനങ്ങളെ മനസ്സിലാക്കുക അതോടൊപ്പംതന്നെ അത് ലംഘിക്കുന്ന ആളുകളെയും സ്ഥാപനങ്ങളെയും സംബന്ധിച്ചിടത്തോളം മറ്റ് നടപടികളിലേയ്ക്ക് നീങ്ങുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കു ന്നത്.

ശ്രീ. ടി.കെ. നൗഷാദ് : സർ, ഈ ചപ്പുചവറുകൾ ഏറ്റവും കൂടുതൽ വരുന്നത് മാർക്കറ്റുകൾ, കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങ ളിൽ നിന്നാണ്. ഈ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യു ന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അതിനെ സംബന്ധിച്ച് മാർക്കറ്റ്, പ്രധാ നപ്പെട്ട ഹോട്ടൽ ഈ സ്ഥാപനങ്ങൾക്കുതന്നെ ഇതേ സംബന്ധിച്ചിടത്തോളം ചില പ്രത്യേക ചുമതലകൾ നിർദ്ദേശിച്ച് മൊത്തമായി അത് നീക്കം ചെയ്യുന്ന തിന് വേണ്ടിവരുന്ന ചെലവിൽ ഒരുഭാഗം അവരുടെ കൈയ്യിൽ നിന്നും വസൂ ലാക്കുന്നതിനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങുന്നുണ്ട്.

ശ്രീ. ടി.കെ. നൗഷാദ് : സർ, പൊതുനിരത്തുകളിൽ മാംസാവശിഷ്ട ങ്ങളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ നിക്ഷേപിക്കുന്നവർക്കെതിരെ മുനിസിപ്പൽ നിയമം അനുശാസിക്കുന്നവിധത്തിൽ കർശന നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അതിനെ സംബന്ധിച്ച് കർശനമായ നിലപാട് ഗവൺമെന്റ് എടുത്തിട്ടുണ്ട്. കണ്ടെത്തിയിട്ടുള്ള കേസുകളിൽ ശക്തമായിട്ടുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. രാജു : സർ, ചപ്പ് ചവറുകളിൽ നിന്നും വളം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചില നഗരസഭകൾ പ്ലാൻ ചെയ്തു വരുന്നുണ്ട്. അതിലൊന്നാണ് പറവൂർ നഗരസഭ. ഇത് നേരിടുന്ന പ്രശ്നങ്ങൾ ചപ്പുചവറുകൾ ശേഖരിച്ച് കൊണ്ടുവരാനുള്ള ഉപകരണങ്ങൾ വളരെ വളരെ പരിമിതമായ തോതിലേ നഗരസഭകളുടെ കൈയ്യിലുള്ളൂ. അതുകൊണ്ട് ചപ്പുചവറുകൾ ശേഖരിച്ചുവരുമ്പോൾ യഥാർത്ഥത്തിൽ ഒരു വാഹനമോ രണ്ടുവാഹനമോ ആണ് കൈയ്യിലുള്ളത്. അതുകൊണ്ട് ഇത്തരം നഗരസഭകൾക്ക് പ്രത്യേകമായി ധനസഹായം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഉദാഹരണത്തിന് തിരുവനന്തപുരം കോർപ്പറേഷനാണെങ്കിൽ ചപ്പുചവറുകൾ ശേഖരിക്കുന്നിടത്ത് വലിയ വലിയ പെട്ടികൾ കൊണ്ടുവെച്ചിരിക്കുകയാണ്. അത് വണ്ടിയിലേയ്ക്ക് ആട്ടോമാറ്റിക്കായിട്ട് എടുത്തിടുകയാണ്. ബാക്കി വേസ്റ്റ് അതിന്റെ ചുറ്റും കിടക്കുന്നതുകൊണ്ട് വളരെ മാലിന്യങ്ങളുണ്ടാകുന്നുണ്ട്, ദുർഗന്ധം പരക്കുന്നുണ്ട്. ഇത് എല്ലാ നഗരസഭകളിലും നടക്കുന്നതാണ്. അതുകൊണ്ട് ഇത് കൃത്യമായി ശേഖരിച്ച് കൊണ്ടുവരുന്നതിനുള്ള സംവിധാനങ്ങളേർപ്പെടുത്തുവാൻ ആവശ്യമായ പ്രത്യേക ധനസഹായം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ഏതെങ്കിലും നഗരസഭകൾ ഈ ചവറുകൾ സംസ്ക്കരിക്കുന്നതിന് സഹായകരമായിട്ടുള്ള രീതിയിൽ ആവശ്യമുള്ള വാഹനങ്ങളുടെ കുറവോ, അതല്ലെങ്കിൽ അതിന്റെ സാമ്പത്തികമായിട്ടുള്ള പരാധീനതകളോ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടില്ല, അങ്ങനെ കൊണ്ടുവന്നാൽ തീർച്ചയായിട്ടും ഇത് വളരെ പ്രധാനപ്പെട്ട വിഷയമെന്നുള്ള നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കും.

മി. സ്പീക്കർ : ചോദ്യം നമ്പർ 378.

കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരണം

3 (*378)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എം. ദാസൻ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly